# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6285** — **03.04.2018-ൽ മറുപടിയ്ക്ക്**

## അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.പി. ഉണ്ണി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗക്കാരുടെ സുസ്ഥിര വികസനത്തിനായി ഈ സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം;വ്യക്തമാക്കാമോ; | എ) | പട്ടികവർഗ്ഗക്കാരുടെ സുസ്ഥിര വികസനത്തിനായി വിവിധ തൊഴിൽ മേഖലകളിൽ പരിശീലനം നൽകി ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും, മിൽമ മുഖേന ഡയറി യൂണിറ്റുകൾ, കുടുംബശ്രീ മുഖേന സുസ്ഥിര വികസന പദ്ധതി, മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന മോഡേൺ മീറ്റ് ഷോപ്പ് തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കുന്നത്. പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. |
| ബി) | പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സാമ്പത്തിക സാമൂഹിക വികസനം ലക്ഷ്യമിടുന്ന 'അംബേദ്കർ സെറ്റിൽമെന്റ്' വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | പുരോഗതി വിലയിരുത്തിയിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം ആരംഭിച്ച അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയ്ക്കായി 101 കോളനികളെ തിരഞ്ഞെടുത്തിരുന്നു. ആയതിൽ 45 കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഡിപിആർ-കളിൽ 34 എണ്ണത്തിന് ജില്ലാ തല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിക്കുകയും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | പട്ടികവർഗ്ഗ യുവതി-യുവാക്കൾക്ക് സ്വയം തൊഴിലിനും, തൊഴിൽ വൈദഗ്ധ്യ വികസന പരിശീലനത്തിനുമായി നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | സി) | വിശദാംശം അനുബന്ധം (2) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം (1)

ഗോത്രജീവിക.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സുസ്ഥിരവും, ലാഭകരവുമായ തൊഴിൽ സംരംഭങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കേരള സർക്കാർ സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റു (സി.എം.ഡി.) മായി ചേർന്ന് അവർ അധിവസിക്കുന്ന ഗ്രാമപ്രദേശങ്ങളിൽ(ഊരുകളിൽ) വച്ചു പരിശീലനങ്ങൾ സംഘടിപ്പിച്ച് പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ഗോത്ര ജീവിക' എന്ന പദ്ധതി നടപ്പിലാക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി 3.34 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ തൊഴിൽ തൽപരത വിദഗ്ദ്ധ പരിശീലനത്തിലൂടെ വർദ്ധിപ്പിക്കുകയും നിലവിലുള്ള തൊഴിൽ വിപണിയിലെ അവസരങ്ങൾ മുതലെടുക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുക, സംരംഭകത്വം വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

പരിശീലനത്തിനുള്ള ഗുണഭോക്തക്കളുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം | പരിശീലനം | പരിശീലനത്തിനുള്ള ദിവസം | ഗുണഭോക്തക്കളുടെ എണ്ണം |
|---|---|---|---|
| 1 | തയ്യൽ പരിശീലനം | 45 | 150 |
| | നിർമ്മാണ പ്രവൃത്തികൾ | | |
| 2 | തടിപ്പണി | 45 | 100 |
| 3 | നിർമ്മാണ പ്രവൃത്തികൾ | 30 | 200 |
| 4 | മേസ്തിരി പണി | 60 | 330 |
| 5 | വയറിംഗ് | 30 | 120 |
| 6 | പ്ലംബിംഗ് | 30 | 150 |
| | ടൂറിസം മേഖലയിൽ | | |
| 7 | ഡ്രൈവിംഗ് | 30 | 120 |
| | ആകെ ഗുണഭോക്തക്കൾ | | 1170 |

- ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (ECIL) മുഖേന അട്ടപ്പാടിയിൽ - ഡിസിഎ കോഴ്സ് പരിശീലനത്തിനായി 0.38 കോടി രൂപ ചെലവഴിച്ച് 21 പേർക്ക് പ്ലെയ്സ്മെന്റ് ലഭ്യമാക്കി.
- എത്തിയോസ് (Atheos)എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്മെന്റിൽ 125 പേർക്ക് പരിശീലനത്തിനായി 0.69 കോടി രൂപ ചെലവഴിച്ച നടപ്പിലാക്കി വരുന്നു. പ്ലെയ്സ്മെന്റ് നടപടികൾ സ്വീകരിച്ച് വരുന്നു.
- സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT) മുഖേന 60 കുട്ടികൾക്ക് മീഡിയ ടെക്നോളജിയിൽ പരിശീലനം നൽകുന്നതിനായി 0.25 കോടി രൂപ ഭരണാനുമതി ലഭിച്ചതിൽ 0.13 കോടി രൂപ അനുവദിച്ച് അഡ്മിഷൻ നടപടികൾ സ്വീകരിച്ചു വരുന്നു.
- പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഐ.റ്റി മേഖലയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിനായി വകുപ്പിന്റെ കീഴിൽ 'സെന്റർ ഓഫ് എക്സലൻസ്' എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതിയ്ക്കായി 3.08 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.
- പട്ടികവർഗ്ഗ വനിതകൾക്ക് ആധുനികവസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകുന്നതിനും തൊഴിൽ ഉറപ്പു വരുത്തുന്നതിനായി അപ്പാരൽ പാർക്ക് ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 250 പട്ടികവർഗ്ഗ യുവതികൾക്കാണ് പരിശീലനം നൽകുന്നത്. തൊഴിൽ ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ സ്ത്രീ ശാക്തീകരണവും കൂടി ലക്ഷ്യമിടുന്ന പദ്ധതിയാണിത്. ടി പദ്ധതിയ്ക്കായി 2.55 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നു. മൊബിലൈസേഷൻ അഡ്വാൻസായി 0.54 കോടി രൂപ അനുവദിച്ചിട്ടുണ്ട്.
- വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന 'ഉറവ്' എന്ന സ്ഥാപനവുമായി ചേർന്ന് പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് മുള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി 8.50 ലക്ഷം രൂപ അനുവദിച്ചു.
- എം.ആർ.എസ്സുകളിലെ കുട്ടികൾക്ക് നൈപുണ്യ വികസനത്തിനായി 0.50 കോടി രൂപ വിവിധ ജില്ലകൾക്ക് അനുവദിച്ചു.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം (2)

സ്വയംതൊഴിലും നൈപുണ്യവികസനം ജീവനോപാധി പ്രവർത്തനം

സംസ്ഥാനത്ത് പട്ടികവർഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി സ്വയം തൊഴിലിനും വൈദഗ്ദ്ധ്യ പരിശീലനത്തിനുമുളള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആയതിന് "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനുമുളള സഹായം" എന്ന ശീർഷകം നിലവിലുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ. ടു ടി.എസ്.എസ് എന്നീ പദ്ധതികളിലുൾപ്പെടുത്തി നൈപുണ്യ വികസന പദ്ധതികളും സംരംഭകത്വ വികസന പരിപാടികളും നടപ്പിലാക്കിവരുന്നു.

നിശ്ചിത കോഴ്സുകളിൽ അടിസ്ഥാന വിദ്യാഭ്യാസം കൈവരിക്കുന്നതുകൊണ്ടു മാത്രം പട്ടികവർഗക്കാർക്ക് ജോലി ലഭിക്കുന്നതിനുളള സാധ്യത കുറവാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് വകുപ്പ് കേരളത്തിനകത്തും പുറത്തുമുളള തൊഴിൽ നൈപുണ്യപരിശീലനകേന്ദ്രങ്ങളുമായി സഹകരിച്ച് വിദഗ്ദ്ധ പരിശീലനം നൽകി സംസ്ഥാനത്തിനകത്തും പുറത്തും ജോലി ഉറപ്പാക്കുന്ന പരിപാടികളാണ് സംഘടിപ്പിച്ചുവരുന്നത്. പ്രസ്തുത പരിപാടികളുടെ വിവരം ചുവടെ ചേർക്കുന്നു.

വകുപ്പിനു കീഴിലുളള പരിശീലന കേന്ദ്രങ്ങൾ,ഐ.ടി.ഐ. എന്നിവ വഴിയും സർക്കാർ ഇതര സ്ഥാപനങ്ങൾവഴിയും തൊഴിൽ നൈപുണ്യ വികസനം ഉറപ്പാക്കിവരുന്നു.

- 2016-17 വർഷം മുതൽ 'ഗോത്രജീവിക' എന്ന പദ്ധതിപ്രകാരം 1170 തൊഴിൽ രഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ 7 ഇനങ്ങളിലുളള തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തനക്ഷമമാകുന്നതിനുമുളള സഹായം നൽകുന്നതിനായി 334 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പും, കേരള സർക്കാർ സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റു (സി.എം.ഡി.) മായി ചേർന്ന് അവർ അധിവസിക്കുന്ന ഗ്രാമപ്രദേശങ്ങളിൽ വച്ചു പരിശീലനങ്ങൾ സംഘടിപ്പിച്ച് പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.
- 2016-17 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എൻ.റ്റി.റ്റി.എഫ് എന്ന സാങ്കേതിക സ്ഥാപനം മുഖേന 250 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സും 100 വിദ്യാർത്ഥികൾക്ക് മൂന്ന് വർഷത്തെ ഡിപ്ലോമ കോഴ്സും നടത്തുന്നതിനായി 4.55 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒന്നും രണ്ടും വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സുകൾ പൂർത്തീകരിച്ചിട്ടുണ്ട്.
- സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST)മുഖേന പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ 0.60 കോടി ചെലവഴിച്ച 50 പേർക്ക് പരിശീലനത്തിലൂടെ പ്ലെയ്സ്മെന്റ് ഉറപ്പു വരുത്തി.

2016-17 മുതൽ കാർഷിക പരമ്പരാഗത മേഖലയിൽ തൊഴിൽ നൽകുന്നതിന് വിവിധ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കി വരുന്ന പദ്ധതികൾ

| മിൽമ മുഖേന നടപ്പിലാക്കുന്ന പദ്ധതി 2016-17 (ഡയറി യൂണിറ്റ്) | | |
|---|---|---|
| ജില്ല | തുക (ലക്ഷം) | ഗുണഭോക്താക്കളുടെ എണ്ണം |
| മലപ്പുറം ജില്ല | 128.58 | 40 |
| എറണാകുളം ജില്ല (കൂട്ടമ്പുഴ) | 162.11 | 40 |
| കാസർഗോഡ് ജില്ല | 242.18 | 100 |
| തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട (വിപണന കനോപ്പികൾ ) | 45.60 | 30 |
| 2017-18 ((ഡയറി യൂണിറ്റ്) | | |
| 1 കാസർഗോഡ് (കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് ) | 143.83 | 50 |
| 2. കോഴിക്കോട് (വാണിമേൽ ഗ്രാമപഞ്ചായത്ത്) | 154.50 | 50 |
| 3. മലപ്പുറം | 99.27 | 40 |
| 4.വയനാട് ( മുട്ടിൽ ഗ്രാമപഞ്ചായടത്ത്) | 247.90 | 100 |

ഡയറി യൂണിറ്റ് പദ്ധതിയിൽ ഒരുഗുണഭോക്താവിന് 2 പശുക്കൾ, കാലിതൊഴുത്ത്, കാലിതീറ്റ, ഇൻഷ്വറൻസ്, ചികിത്സ മുതലായവ ഉൾപ്പെടുന്നു. മോണിറ്ററിംഗിനായി പട്ടികവർഗ്ഗ മേഖലയിൽ നിന്നും വില്ലേജ് റിസോഴ്സ് പേഴ്സനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| **കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതി** പട്ടികവർഗ്ഗക്കാരുടെ സുസ്ഥിര വികസന പദ്ധതി. | 350.00 ലക്ഷം | 2016-17 | സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗകുടുംബങ്ങൾക്കുമായി |
| **മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്** (മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന മോഡേൺ മീറ്റ് ഷോപ്പ് സ്ഥാപിക്കുന്നത്) | 30.00 ലക്ഷം | 2016-17 | 10 |

കുടുംബശ്രീ സുസ്ഥിര വികസന പദ്ധതിയിൽ നിലവിലുള്ള അയൽകൂട്ടങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള, നൈപുണ്യവികസന പരിപാടികൾ നടപ്പിലാക്കി സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ട സഹായം നൽകുക, പുതുതായി ആരംഭിക്കുന്ന അയൽകൂട്ടങ്ങൾക്ക് 10,000 രൂപ വീതം കോർപ്പസ് ഫണ്ട്, ജോയിന്റ് ലൈവിലിഹുഡ് ഗ്രൂപ്പുകൾക്ക് 2000 രൂപ വീതം കോർപ്പസ് ഫണ്ട് എന്നിവ ഉൾപ്പെടുന്നു.

Harispriya